പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ : 1676 — 17.06.2013-ലെ മറുപടിയ്ക്ക്

## ശാസ്ത്ര നയം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി.ഡി. സതീശൻ :<br>ശ്രീ. കെ. അച്ചുതൻ :<br>ശ്രീ. ബെന്നി ബെഹനാൻ :<br>ശ്രീ. പി.സി. വിഷ്ണുനാഥ് : | ശ്രീ. ഉമ്മൻ ചാണ്ടി<br>(മുഖ്യമന്ത്രി) |
| (എ) സംസ്ഥാനത്ത് ശാസ്ത്ര നയം പ്രഖ്യാപിക്കാനുദ്ദേശിക്കുന്നുണ്ടോ ; | (എ) ഉണ്ട്. |
| (ബി) എങ്കിൽ അതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ് ; | (ബി) 2013 ജനുവരിയിൽ കേന്ദ്ര സർക്കാർ (ശാസ്ത്ര സാങ്കേതിക വകുപ്പ്) കൊണ്ടുവന്ന സയൻസ്, ടെക്നോളജി & ഇന്നവേഷൻ പോളിസിയ്ക്കനുസൃതമായി കേരളത്തിന്റെ മനുഷ്യ വിഭവശേഷി, ഭൂമിശാസ്ത്രം, പാരിസ്ഥിതിക പ്രത്യേകതകൾ കണക്കിലെടുത്ത് ഒരു ശാസ്ത്ര നയത്തിന് രൂപം കൊടുക്കുകയെന്നതാണ് 2013-ലെ കേരള ശാസ്ത്ര-സാങ്കേതിക നയത്തിന്റെ പ്രത്യേകത, ഉദ്ദേശ്യലക്ഷ്യങ്ങൾ. സംസ്ഥാനത്തിന്റെ സുസ്ഥിര വികസനം, കേരള ജനതയുടെ സമഗ്രമായ വളർച്ച എന്നിവ എങ്ങിനെ നമ്മുടെ സാമൂഹ്യ-സാംസ്കാരിക പശ്ചാത്തലത്തെ നിലനിർത്തികൊണ്ട് ശാസ്ത്രീയ സമീപനങ്ങളിലൂടെ സാദ്ധ്യമാക്കാമെന്നതാണ് ഈ കരട് നയരേഖയിൽ അന്തർലീനമായ കാര്യം. |
| (സി) നയത്തിൽ വനവും പരിസ്ഥിതിയും ഉൾപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ ; | (സി) വനം, പരിസ്ഥിതി, ജലം, കാലാവസ്ഥാ വ്യതിയാനം എന്നീ മേഖലകളിലുള്ള ശാസ്ത്രീയമായ പഠനങ്ങളും ഇടപെടലുകളും ഈ കരട് നയരേഖയിലുണ്ട്. |
| (ഡി) പ്രസ്തുത നയത്തിന് അന്തിമരൂപം നൽകിയിട്ടുണ്ടോ ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ? | (ഡി) ഇല്ല. കരട് നയരേഖ 2013-ലെ കേരള ശാസ്ത്ര കോൺഗ്രസിൽ അവതരിപ്പിച്ചിട്ടുണ്ട്. അന്നു മുതൽ ഇത് കേരള ശാസ്ത്ര പരിസ്ഥിതി കൗൺസിലിന്റെ വെബ്സൈറ്റിലുണ്ട്. ഇതിനെപ്പറ്റി ചർച്ചകളും സംസ്ഥാനത്തുടനീളം സംഘടിപ്പിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ